## അവതാരിക

# ജീവിതം തന്നെ പുസ്തകം: റവ. കെ. സി. മാത്യു അച്ചന്റെ ജീവിതസാക്ഷ്യം

**ഫാ. ഡോ. കെ. എം. ജോർജ്ജ്**

"ജ്ഞാനികൾ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും ജനത്തെ നീതിയുടെ പാതയിൽ നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നെന്നും ശോഭിക്കും" (ദാനിയേൽ 12:3).

ഒരു പുരുഷായുസ്സു മുഴുവൻ ഒഴുക്കിനെതിരെ നീന്തിയ റവ. കെ. സി. മാത്യു അച്ചന്റെ ജീവിതദർശനവും പ്രവർത്തനശൈലിയും മലയാളികളും മറ്റുള്ളവരും മനസ്സിരുത്തി പഠിക്കേണ്ട ഒരു പാഠപുസ്തകമാണ്. അങ്ങനെയൊരു ഉത്തമബോധ്യത്തിൽനിന്നാണ് റവ. ഡോ. മാത്യു പി. ഇടിക്കുള (റോയി അച്ചൻ) മാത്യു അച്ചന്റെ ജീവിതകഥ പുസ്തകരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

കേരളത്തിന്റെ ഉപരിവിദ്യാഭ്യാസരംഗത്ത് കെ. സി. മാത്യു അച്ചൻ നൽകിയ ധാർമ്മികവും അക്കാദമികവുമായ അനന്യസംഭാവന നമ്മുടെ പൊതുസമൂഹത്തിൽ വേണ്ടത്ര അറിയപ്പെട്ടിട്ടില്ല എന്നത് ദുഃഖകരമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനകാലത്ത് സി. എം. എസ്. കോളജ്, ബിഷപ്പ് മൂർ കോളജ് എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളും അദ്ധ്യാപകരും കേരളാ യൂണിവേഴ്സിറ്റി സെനറ്റിലും സിൻഡിക്കേറ്റിലും മറ്റും അന്നു പ്രവർത്തിച്ചിരുന്നവരും അദ്ദേഹത്തിന്റെ സ്നേഹിതവൃന്ദവും തിരിച്ചറിഞ്ഞ ആ വലിയ വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളെ പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയെന്ന ചരിത്രനിയോഗമാണ് റോയി അച്ചൻ ഏറ്റെടുത്തത്.

ദീർഘകാലമായി ചിക്കാഗോയിൽ താമസിക്കയും വിവിധ മേഖലകളിൽ തന്റെ ഇടയശുശ്രൂഷയും സേവനവും നൽകി വളരെ നല്ല ഒരു എക്യൂമെനിക്കൽ നെറ്റ്‌വർക്ക് സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന റോയി അച്ചൻ പല നിലകളിൽ ഈ നിയോഗം നിറവേറ്റാൻ അർഹനായ വ്യക്തിയാണ്. ചരിത്രസംഭവങ്ങളെയും അവയിൽ ഉൾപ്പെട്ട നിർണ്ണായക വ്യക്തികളെയും അടുത്തറിയാനും, അതേസമയം സ്ഥലത്തിന്റെയും കാലത്തിന്റെയും അകൽച്ചയിൽ നിന്നുകൊണ്ട് അവയെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യാനും കഴിയുന്നത് ചരിത്രരചനയുടെ ഗുണമേന്മ വർദ്ധിപ്പിക്കും. ഈയൊരു കാഴ്ചപ്പാടിലും ഈ പുസ്തകം ശ്രദ്ധേയമാണ്.

1964 മുതൽ സി. എം. എസ്. കോളജ് വിദ്യാർത്ഥിയായിരിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചെങ്കിലും അപ്പോഴേക്കും കെ. സി. മാത്യു അച്ചൻ കോളജും കോട്ടയവും വിട്ടിരുന്നു എന്നത് എന്റെ ദൗർഭാഗ്യവുമാണ്. അച്ചൻ അവിടെ ഉണ്ടായിരുന്നെങ്കിൽ, കെമിസ്ട്രിയും, ഫിസിക്സും ഐശ്ചികമായെടുത്ത് പഠിച്ച എനിക്ക് ഫിസിക്സ് അദ്ധ്യാപകനായ അദ്ദേഹത്തിന്റെ ശിഷ്യനാകാൻ തീർച്ചയായും അവസരമുണ്ടാകുമായിരുന്നു. സീനിയർ വിദ്യാർത്ഥികളും ചില അദ്ധ്യാപകരും മധുരിക്കുന്ന ഓർമ്മകളോടെ അദ്ദേഹത്തെക്കുറിച്ച് പറയുന്നതു കേട്ടാണ് എന്റെ മനസ്സിൽ കെ. സി. മാത്യു അച്ചന്റെ ആദ്യ ചിത്രം രൂപപ്പെട്ടത്.

പിന്നീട് പല എക്യുമെനിക്കൽ മീറ്റിംഗുകളിലും അവസാനം മാങ്ങാനം മന്ദിരത്തിലും വച്ച് കണ്ടുമുട്ടാനും അച്ചനെക്കുറിച്ച് കൂടുതൽ അറിയുവാനും എനിക്ക് അവസരമുണ്ടായി. എങ്കിലും റോയി അച്ചന്റെ ഈ പുസ്തകത്തിൽനിന്നാണ് അദ്ദേഹത്തെക്കുറിച്ച് ചരിത്രപരമായ പശ്ചാത്തലജ്ഞാനം എനിക്കു ലഭിക്കുന്നത്.

ആദരണീയനായ കെ. സി. മാത്യു അച്ചനെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കുകയും ചെയ്തപ്പോൾ മനസ്സിൽ വന്ന ചില ചിന്തകൾ കുറിക്കട്ടെ.

ഒന്നാമതായി, നമ്മുടെ സമൂഹം എപ്പോഴും വാസ്തവത്തിൽ അന്വേഷിക്കുന്നത് ഉത്തമരായ മനുഷ്യരുടെ മാതൃകകളാണ്. ഏത് സംസ്കാരത്തിലാണെങ്കിലും ഏതു മതത്തിലാണെങ്കിലും സാധാരണ മനുഷ്യർക്ക് പ്രത്യാശയും അഭയബോധവും നൽകുന്നത് ജീവിതത്തിൽ സത്യവും നീതിയും സഹാനുഭൂതിയും നിലനിർത്തുന്ന നേതാക്കളാണ്. അവർ നമുക്ക് വിശ്വസനീയരും നമ്മുടെ പ്രതിസന്ധികളിൽ നമുക്ക് ആശ്രയിക്കാവുന്നവരുമാണ്. ഈയൊരു വിശ്വസനീയത (Reliability and Trustworthiness) എല്ലാ സമൂഹങ്ങളിലും, രാഷ്ട്രീയത്തിലും മതത്തിലും സാമൂഹിക ജീവിതത്തിലും മനുഷ്യർക്ക് ഇല്ലാതായാൽ ഏതൊരു സമൂഹവും ജീർണ്ണിക്കും. ഇതിനുനേരെ



വിരുദ്ധമായ രീതികൾ- വഞ്ചന, വാക്കുപാലിക്കാതിരിക്കൽ, വിശ്വസിക്കുന്നവരെ ചൂഷണം ചെയ്യൽ, വിനയം കാണിക്കുന്നവരുടെമേൽ കുതിരകയറൽ, അധികാരത്തിന്റെയും സമ്പത്തിന്റെയും ധാർഷ്ട്യം, സ്വജനപക്ഷപാതം - ധാരാളം നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് കെ. സി. മാത്യു അച്ചനെപ്പോലെ സത്യസന്ധതയും ലാളിത്യവും വിശ്വസനീയതയും പുലർത്തി ഒരു വലിയ വിദ്യാഭ്യാസ സ്ഥാപനം പൊതുനന്മയ്ക്കുവേണ്ടി പടുത്തുയർത്തിയ വ്യക്തി മനുഷ്യസമൂഹത്തിന്റെ യഥാർത്ഥ കെട്ടുപണിക്കാരനാണ്, ജീർണ്ണതയുടെ അടിച്ചുപൊളിക്കാരനല്ല.

രണ്ടാമതായി, ബ്രിട്ടീഷ് മിഷണറിമാരുടെ വിദ്യാഭ്യാസ പൈതൃകത്തിന്റെ നല്ല അംശങ്ങൾ ഏറ്റുവാങ്ങി അതിനെ നമ്മുടെ സമൂഹത്തിൽ നന്നായി പ്രതിഫലിപ്പിച്ച വ്യക്തിയായിരുന്നു കെ. സി. മാത്യു അച്ചൻ. കൊളോണിയൽ അധിനിവേശത്തിന്റെ ഭാഗമായി വന്ന പാശ്ചാത്യ മിഷണറി പ്രസ്ഥാനത്തെക്കുറിച്ച് വിമർശനാത്മകമായ വിയോജിപ്പുകൾ ധാരാളം പുലർത്തുന്ന ഒരു പാരമ്പര്യത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. എന്റെ വ്യക്തിപരമായ അന്വേഷണങ്ങളിലും അനുഭവങ്ങളിലും ഈ വിയോജിപ്പുകളിൽ പലതിനും ന്യായമായ അടിസ്ഥാനങ്ങളുണ്ടെന്നും എനിക്ക് ബോധ്യമുണ്ട്. തോമസ് അപ്പോസ്തോലന്റെ പാരമ്പര്യത്തിൽ, ഏക ശരീരമായി നിലനിന്നിരുന്ന പുരാതന ഭാരതീയ ക്രിസ്തീയ സഭയിൽ ആദ്യമായി ഭിന്നതയുടെ വിത്തു വിതറിയത് 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവിടെ വന്നുതുടങ്ങിയ പോർച്ചുഗീസ് കത്തോലിക്കാ മിഷണറിമാരായിരുന്നു. എന്നാൽ ഇവിടെ വന്ന് ത്യാഗപൂർവ്വം നമ്മുടെ ഭാഷയെയും സാമൂഹികാവബോധത്തേയും വികസിപ്പിച്ച്, ഇവിടത്തെ പാരമ്പര്യ ക്രിസ്ത്യാനികൾ അവഗണിച്ചിരുന്ന അധഃസ്ഥിതരെയും, സവർണ്ണരുടെ ജാതിബാധ മൂലം മനുഷ്യത്വം നിഷേധിക്കപ്പെട്ടിരുന്ന ഒരു വലിയ സമൂഹത്തെയും വിദ്യാഭ്യാസം മൂലം ഉയർത്തി അവർക്ക് മാനുഷികാന്തസ്സ് നൽകിയ ബ്രിട്ടീഷ് മിഷണറിമാരോട് നമുക്ക് തീരാത്ത കടപ്പാടുണ്ടെന്നും എനിക്കു ബോധ്യമുണ്ട്. (സി. എം. എസ്. കോളജ് ജൂബിലിയോട് അനുബന്ധിച്ച് 2016-ൽ അവിടെ നടത്തിയ മൺട്രോ സ്മാരക പ്രഭാഷണത്തിൽ ഈ രണ്ടു വശങ്ങൾ കഴിയുന്നത്ര വസ്തുനിഷ്ഠമായി അവതരിപ്പിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്).

പൊതുവിദ്യാഭ്യാസം (Public Education) എന്ന ആശയം ഇന്ത്യയിൽ കൊണ്ടുവന്നതും, ജാത്യാന്ധതമൂലം അക്ഷരാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന നമ്മുടെ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് അക്ഷരവെളിച്ചത്തിലൂടെ ആത്മബോധം ലഭിച്ചതും പ്രധാനമായും ബ്രിട്ടീഷ് മിഷണറിമാരുടെ പ്രവർത്തനഫലമാണെന്ന് നാം മറന്നുകൂടാ. അതുവരെ ബ്രാഹ്മണ പൗരോഹിത്യത്തിന്റെയും ജന്മിവ്യവസ്ഥയുടെയും

ജാതീയതയുടെയും തടങ്കലിലായിരുന്ന വിദ്യയെ വിമോചിപ്പിച്ചത് അവരായിരുന്നു. ബ്രിട്ടീഷ് റസിഡന്റും തിരുവിതാംകൂർ ദിവാനുമായിരുന്ന കേണൽ ജോൺ മൺട്രോയുടെ നേതൃത്വവും നയങ്ങളും ഇക്കാര്യത്തിൽ അവിസ്മരണീയമാണ്. കേരളത്തിലെ ക്രിസ്തീയ സഭകൾ നിസ്വാർത്ഥമായി നടത്തിയ വിദ്യാഭ്യാസ യജ്ഞമാണ് കേരളത്തിന്റെ പുരോഗതിക്ക് കാരണമായ ഒരു പ്രധാന ഘടകം. എന്നാൽ പിന്നീട് അത് കച്ചവടത്തിന്റെയും വിലപേശലിന്റെയും സ്ഥാപനവൽക്കരണത്തിന്റെയും ഇടനാഴികളിലേക്ക് മിക്കവാറും തെന്നിമാറിപ്പോയി. മിഷണറിമാരുടെ യുഗം അവസാനിച്ചിരുന്നു. ആ സമയത്ത് ആണ് ആദർശധീരരും, വിജ്ഞാനവെളിച്ചം എല്ലാ മനുഷ്യരുടെയും അവകാശമാണെന്ന് ബോധ്യമുള്ളവരുമായ ചില ക്രൈസ്തവർ ജാതിയുടെയും മതത്തിന്റെയും കനത്ത ഭിത്തികൾക്കതീതമായി ഉയർന്ന് പൊതുവിദ്യാഭ്യാസരംഗത്ത് പുതിയ വെളിച്ചം ഉയർത്തിയത്. ആലുവാ യു. സി. കോളജ്, പിൽക്കാലത്ത് ബിഷപ്പ് മൂർ കോളജ് തുടങ്ങിയവയുടെ പുറകിൽ അങ്ങനെയുള്ള വ്യക്തികളെ കാണാം. ഈ പശ്ചാത്തലത്തിലാണ് കെ. സി. മാത്യു അച്ചൻ മിഷണറി പൈതൃകത്തിന്റെ നല്ല അംശങ്ങൾ തിരഞ്ഞെടുത്ത് വികസ്വരമാക്കി എന്നു സൂചിപ്പിച്ചത്.

മൂന്നാമതായി, വൈദിക ശുശ്രൂഷയിലേക്ക് വരുന്നവർ പൊതുസാക്ഷ്യം ഉള്ളവരായിരിക്കണം എന്ന പുരാതനക്രിസ്തീയ തത്വം ശ്രദ്ധയമാണ്. കെ. സി. മാത്യു അച്ചനും അദ്ദേഹത്തിന്റെ പിതാവായ റവ. കെ. കെ. ചാക്കോ അച്ചനും വൈദികരായി സഭാസേവനത്തിലേക്ക് വന്നത് സഭാനേതൃത്വത്തിന്റെ സവിശേഷമായ വിളിയും തിരഞ്ഞെടുപ്പും മൂലമായിരുന്നു. ഇത് എടുത്തുപറയാൻ കാരണമുണ്ട്. ക്രിസ്തീയ സഭയുടെ ആരംഭകാലത്ത്, വൈദിക നേതൃത്വത്തിലേക്ക് വരുന്നവർ പൊതുസമൂഹത്തിൽ "നല്ല സാക്ഷ്യം ലഭിച്ചവരാ"യിരിക്കണം എന്ന തത്വം സൂചിപ്പിച്ചല്ലോ. ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദയ്ക്ക് പകരം അപ്പോസ്തലനായി മത്ഥ്യാസിനെ തിരഞ്ഞെടുത്തപ്പോഴും സ്തേഫാനോസ് തുടങ്ങിയ ശെമ്മാശ്ശന്മാരെയും പിന്നീട് പ്രാദേശിക സഭകളിൽ മൂപ്പന്മാരെയും (കശ്ശീശന്മാർ) തിരഞ്ഞെടുത്ത് നിയമിച്ചപ്പോഴും, അവരെക്കുറിച്ചുള്ള പൊതുസാക്ഷ്യം (Witness) പ്രധാന മാനദണ്ഡമായിരുന്നു. അതായത് തങ്ങളുടെ സ്വഭാവശ്രേഷ്ഠതയും ക്രിസ്തുവിനോടുള്ള പ്രതിബദ്ധതയും സേവനസന്നദ്ധതയും വിവേകവും അറിവും മറ്റുള്ളവരാൽ സാക്ഷ്യപ്പെടുത്തപ്പെടുമ്പോൾ അവർ പൊതുസമ്മതരാണ് എന്നർത്ഥം. ഇപ്പോൾ കൗമാരഘട്ടം അവസാനിക്കുമ്പോൾത്തന്നെ സെമിനാരികളിൽ വ്യക്തിപരമായി അപേക്ഷ അയയ്ക്കുകയും, നിർദ്ദിഷ്ട പരീക്ഷകളും അഭിമുഖവും കടന്നുകിട്ടിയാൽ, വൈദിക സേവനപരിശീലനം



ലഭിക്കയും ചെയ്യുന്ന രീതിയാണല്ലോ മിക്ക സഭകളും പൊതുവായി അനുവർത്തിക്കുന്നത്. അവരിൽ ഒരു നല്ല പങ്കും ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വിപുലമായ അർത്ഥമോ ഇടയശുശ്രൂഷയുടെ ആഴമായ വിവക്ഷകളോ ഒന്നും അപ്പോൾ മനസ്സിലാക്കിയാവില്ല സെമിനാരിയിൽ പഠിക്കുന്നത്. ചുരുക്കം പേരൊക്കെ പിന്നീട് ആ വലിയ ലക്ഷ്യത്തിലേക്ക് ആത്മീയമായും ബൗദ്ധികമായും ഉയരും. വേറെ കുറേപ്പേർ തങ്ങളുടെ കഴിവുകൾ അതിലൊന്നുമല്ല കിടക്കുന്നത് എന്നു മനസ്സിലാക്കും. കൂടുതൽ അധികാരം പിടിച്ചെടുക്കുക, പദവികൾ ആർജ്ജിക്കുക, സഭാരാഷ്ട്രീയത്തിൽ തന്ത്രജ്ഞത നേടുക എന്നീ ലക്ഷ്യങ്ങളിലേക്ക് അവർ കരുക്കൾ നീക്കും. ഇനിയും കുറേപ്പേർ ആരാധനകളും അനുഷ്ഠാനങ്ങളും മറ്റ് അത്യാവശ്യ ഭരണച്ചുമതലകളും നിറവേറ്റി വലിയ കുഴപ്പമില്ലാതെ അവരുടെ കാലം കഴിക്കും.

എന്നാൽ അറിവിലും അനുഭവത്തിലും പക്വത പ്രാപിച്ച്, സ്ഥാനങ്ങൾക്കുവേണ്ടി പരതി നടക്കാതെ, ക്രിസ്തുവിന്റെ ശിഷ്യരായി ജീവിക്കയും നിസ്വാർത്ഥമായി ഈ ലോകത്തിന് അല്പം വെളിച്ചം കൊടുക്കയും ചെയ്യുന്ന വ്യക്തികളെ സഭാനേതൃത്വത്തിലേക്ക് വിളിക്കയും, അവർ അത് സ്വീകരിക്കയും ചെയ്താൽ (എല്ലാവരും അത് സ്വീകരിക്കണമെന്നില്ല) അവരിൽ നിന്നുണ്ടാകുന്ന പട്ടക്കാരും മേല്പട്ടക്കാരും സഭയ്ക്കും സമൂഹത്തിനും വിളക്കുകളായിത്തീരും. ആധുനിക കാലത്ത് ഇങ്ങനെയുള്ള ചുരുക്കം ഉദാഹരണങ്ങൾ എല്ലാ സഭകളിലും ഉണ്ടായിട്ടുണ്ട്. ഇവിടെയും കെ. സി. മാത്യു അച്ചന്റെ ജീവിതം നല്ല ദൃഷ്ടാന്തമാണ്. തീർച്ചയായും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഇവിടെയുണ്ട്. അതുകൊണ്ടാണല്ലോ ആലുവ യു. സി. കോളജിൽ ജോലിക്കായി പോയ കെ. സി. മാത്യുവിനെ ദൈവം വഴിക്കുവച്ച് പിടിച്ച് തിരിച്ച് കോട്ടയത്തിനു കൊണ്ടുവന്നത്.

നാലാമതായി, മനുഷ്യരുടെ കുട്ടികൾ മനുഷ്യത്വമുള്ളവരായിത്തീരാൻ ശരിയായ പരിശീലനം ആവശ്യമാണ്, ജനിതക പാരമ്പര്യം മാത്രം പോര. കെ. സി. മാത്യു അച്ചൻ ഒരു പരിശീലകനായിരുന്നു. വിദ്യ അഭ്യസിപ്പിക്കുന്നവരെല്ലാം പരിശീലകരാണ്. അച്ചന് ചെറുപ്പത്തിൽ ഉത്തമ പരിശീലനമാണ് തന്റെ മാതാപിതാക്കളിൽനിന്ന് ലഭിച്ചത്. അത് സ്വീകരിക്കാനും അതിനെ ഉത്തമമായി വർദ്ധിപ്പിക്കാനും അച്ചന് സാധിച്ചു എന്നതിലാണ് അതിന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്. ജനിതക വിജ്ഞാനം ഇപ്പോൾ വളരെ വികസിതമായി. Gene sequencing, editing തുടങ്ങിയ സാങ്കേതിക വിദ്യകൾ മൂലം നാം സ്വപ്നം കാണുന്ന വിധത്തിലുള്ള മക്കളെ (Designer Babies) സൃഷ്ടിക്കാമെന്ന അവസ്ഥവരെയെത്തി. നല്ല ശാരീരിക സൗന്ദര്യവും അരോ

ഗദൃഢമായ അവയവങ്ങളും ഉയരവും രൂപവുമൊക്കെ ജനിതകമായി ഡിസൈൻ ചെയ്ത് കുട്ടികളെ ജനിപ്പിക്കാം. പക്ഷേ മനുഷ്യത്വത്തെ നിർവചിക്കുന്ന സ്നേഹം, സഹാനുഭൂതി, വിശ്വാസ്യത, ത്യാഗബോധം, സാമൂഹ്യത, അതീന്ദ്രിയ ദർശനം തുടങ്ങിയ ആന്തരിക ഗുണങ്ങൾ ജനിതകമായി സൃഷ്ടിക്കാൻ കഴിയുമോ എന്ന് തെളിയിക്കപ്പെട്ടിട്ടില്ല. തലച്ചോറിലെ ന്യൂറോൺ കോശവ്യവസ്ഥയിൽ ജനിതകമായി ഇടപെട്ട് നമ്മുടെ രുചികൾ, ജന്മവാസനകൾ എന്നിവയെ നാം വിചാരിക്കുന്ന രീതിയിൽ രൂപപ്പെടുത്താമെന്ന് പറയുന്നവരുണ്ട്. എന്നാൽ മനുഷ്യസ്വാതന്ത്ര്യത്തെയും സ്വഭാവത്തെയും പറ്റി നിരവധി സങ്കീർണ്ണമായ ചോദ്യങ്ങളാണ് ഇവിടെ ശാസ്ത്രീയമായും ധാർമ്മികമായും ഉയരുന്നത്. അതുകൊണ്ട് തൽക്കാലം മനുഷ്യൻ മനുഷ്യനായിത്തീരുന്നതിനുള്ള ആത്മീയവും ധാർമ്മികവുമായ ഗുണങ്ങൾ പരിശീലനംകൊണ്ടു മാത്രമേ സിദ്ധിക്കയുള്ളു എന്നതിൽ നമുക്കുറച്ച് നിൽക്കാം. നല്ല ഡിസിപ്ലിനേറിയൻ എന്ന നിലയിൽ അറിയപ്പെട്ട മാത്യു അച്ചൻ സ്വന്തജീവിതത്തിൽ ആ ഡിസിപ്ലിന് വിധേയപ്പെടുകയും എന്നാൽ അത് തനിക്കും മറ്റുള്ളവർക്കും തീർത്തും സർഗ്ഗാത്മകമായ രൂപഭാവങ്ങളിൽ നിലനിർത്തുകയും ചെയ്തു എന്നതിൽ നമുക്ക് സന്തോഷിക്കാം.

"ഒഴുക്കിനെതിരെ" എഴുതാൻ റോയി അച്ചനെ പ്രേരിപ്പിച്ചത് തന്റെ ഗുരുവെന്ന നിലയിൽ കെ. സി. മാത്യു അച്ചനോടുള്ള തികഞ്ഞ ബഹുമാനവും, സവിശേഷമായ ബന്ധങ്ങളും സാഹചര്യങ്ങളുമാണ്. അമേരിക്കയിൽ പര്യടനം നടത്തിയ മാത്യു അച്ചനെയും കൊച്ചമ്മയെയും റോയി അച്ചനും ലളിതക്കൊച്ചമ്മയും സ്വീകരിച്ച്, ഉചിതമായി പരിചരിച്ച അനുഭവം റോയി അച്ചൻ പരോക്ഷമായി മാത്രം സൂചിപ്പിക്കുന്നുണ്ട്. മാത്യു അച്ചന്റെ ജീവിതത്തിൽനിന്നുള്ള അനേകം സംഭവങ്ങളും ചില ഉദ്ധരണികളുമൊക്കെ വായനക്കാർക്ക് പ്രയോജനകരമാണ്. ഉദാഹരണമായി, വിവാഹിതനായശേഷം വൈദിക പട്ടമേറ്റതിനെക്കുറിച്ച് കെ. സി. മാത്യു അച്ചൻ പറഞ്ഞു. "Subordination Before Ordination" ഇതെനിക്ക് വളരെ ചിന്താമധുരമായി തോന്നി. പ്രത്യേകിച്ചും, സന്യാസത്തിന്റെയും കുടുംബജീവിതത്തിന്റെയും അച്ചടക്കമോ അനുസരണമോ ഒന്നും കൂടാതെ ഒറ്റയാന്മാരായി ജീവിക്കയും, "മേൽപ്പട്ടക്കാരാകാൻ അവിവാഹിതരായിരിക്കണം" എന്ന പൗരസ്ത്യ സഭാനിയമം ഉപയോഗിച്ച് ഉന്നത വൈദിക സ്ഥാനങ്ങൾക്കുവേണ്ടി തത്രപ്പെടുന്നവരെയും നാം പലപ്പോഴും കാണുന്ന സാഹചര്യത്തിൽ മാത്യു അച്ചന്റെ വാക്കുകൾ ധ്വനി പ്രധാനമാണ്.

കെ. സി. മാത്യു അച്ചന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പ്രസ്ഥാനങ്ങൾ (ഉദാ. ആലുവ



യു. സി. കോളജ്, മാങ്ങാനം മന്ദിരം) എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ തീർച്ചയായും വായനക്കാർക്ക് പ്രയോജനകരമാണ്.

അവിടവിടെയായി ചില ആവർത്തനങ്ങൾ ഉണ്ടെങ്കിലും, ഒരു കാലത്ത് സി. എസ്. ഐ. സഭയിലെ യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലും, പിന്നീട് അമേരിക്കയിൽ എക്യുമെനിക്കൽ സഭാശുശ്രൂഷയുടെ രംഗത്തും മറ്റ് പുരോഗമന കൂട്ടായ്മകളിലും, സജീവ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന റോയി അച്ചൻ ലളിതമായ മലയാളത്തിൽ ആദരണീയനായ കെ. സി. മാത്യു അച്ചനെക്കുറിച്ചെഴുതിയ ഈ നല്ല കൃതിക്ക് ഒരു വാക്ക് ആശംസയായി കുറിക്കാൻ ഭാഗ്യം ലഭിച്ചതിൽ സന്തോഷമുണ്ട്. ദൈവം അനുഗ്രഹിക്കട്ടെ.

*കോട്ടയം*
*നവംബർ 16, 2020*